Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം.കൈറ്റ്/2019/1528(27) തീയതി : 01.11.2019

## സർക്കുലർ

വിഷയം:- കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ ലഭ്യമാക്കിയ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് ഫലപ്രദമായി ഉപയോഗിക്കുന്നതിനും നിലവിൽ ഉപയോഗിക്കാത്തതിന്റെ കാരണം പരിശോധിക്കുന്നതിനുമുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-
1. G.O (Rt) No. 1058/2017/G.Edn. Dated 11.04.2017.
2. സ.ഉ.(സാധാ) നം. 165/2018/പൊ.വി.വ. തീയതി 10.01.18.
3. ഈ ഓഫീസിലെ 28.03.2018 ലെ KITE/2018/1571 (2) നമ്പർ സർക്കുലർ.
4. 05.08.2017-ൽ സർവീസ് പ്രൊവൈഡറുമായി ഒപ്പുവെച്ച ധാരണാപത്രം
5. കൈറ്റിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിൽ വച്ച് നടന്ന ജില്ലാ കോ-ഓർഡിനേറ്റർമാരുടെയും ടെക്നിക്കൽ അസിസ്റ്റന്റുമാരുടെയും 12.01.2019-ലെ യോഗത്തിന്റെ മിനിറ്റ്സ്

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ സൂചന 1 പ്രകാരം ബി.എസ്.എൻ.എൽ/റെയിൽടെൽ മുഖേന അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. സ്കൂളുകൾക്ക് ലഭ്യമാക്കുന്ന ഉപകരണങ്ങളും സൗകര്യങ്ങളും കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്കും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതാണെന്ന് സൂചന 2 പ്രകാരം സ്കൂൾ അധികൃതരും വിദ്യാഭ്യാസ വകുപ്പുമായി ഒപ്പിട്ട ധാരണാപത്രത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. സൂചന 3 പ്രകാരം സ്കൂളുകളിലെ ക്ലാസ് മുറികൾ കെൽട്രോണിന്റെ സഹായത്തോടെ നെറ്റ്‌വർക്കിംഗ് നടത്തുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ബി.എസ്.എൻ.എൽ./റെയിൽടെല്ലുമായുള്ള സൂചന 4 ലെ കരാർ പ്രകാരം സ്കൂളുകളിൽ ഓരോ മാസവും ഉപയോഗിച്ച ഡാറ്റയുടെ വിശദാംശങ്ങൾ ജില്ലകളിൽ ലഭ്യമാക്കുന്നുണ്ട്. വിശദാംശങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചില സ്കൂളുകളിലെ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് ഉപയോഗം വളരെ കുറവാണെന്ന് കാണുന്നു. വിദ്യാർത്ഥികളുടെ പഠന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി ലഭ്യമാക്കുന്ന സേവനങ്ങൾ ഫലപ്രദമായി ഉപയോഗിക്കേണ്ടതുണ്ട്. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ലഭ്യമാക്കുന്ന ഉപകരണങ്ങൾക്കും സൗകര്യങ്ങൾക്കും ഏതെങ്കിലും തരത്തിലുള്ള തകരാറ് സംഭവിച്ചാൽ പരാതി യഥാസമയം നൽകുന്നതിന് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്കൂളുകളിലെ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് ഉപയോഗം പരിശോധിക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

**സ്കൂൾ അധികൃതർ ചെയ്യേണ്ടത്:**

1. സ്കൂളിന് ലഭിക്കുന്ന ഉപകരണങ്ങളുടേയും സൗകര്യങ്ങളുടേയും പരമാവധി ഉപയോഗം ഉറപ്പുവരുത്തുന്നതിനോടൊപ്പം ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കുന്നതിനും സുരക്ഷിതമായി സൂക്ഷിക്കുന്നതിനും പ്രത്യേക ശ്രദ്ധ ചെലുത്തുന്നതാണ് എന്ന് സൂചന 2 പ്രകാരമുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് സ്കൂളുകൾ ഒപ്പിട്ട സമർപ്പിച്ച ധരണാപത്രത്തിൽ

വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ സ്കൂൾ പ്രഥമാധ്യാപകർ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് ഉപയോഗവും പരിശോധിക്കേണ്ടതാണ്.

2. സ്കൂളുകളിലേക്ക് ലഭ്യമാക്കിയിട്ടുള്ള ബ്രോഡ്ബാന്റ് കണക്ഷന്റെ ഓരോ മാസത്തെയും ഉപയോഗം സംബന്ധിച്ച വിശദാംശങ്ങൾ kite.kerala.gov.in-ലെ broadband service-ൽ ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ മാസവും പ്രസ്തുത വിശദാംശങ്ങൾ പരിശോധിക്കേണ്ടതും ഉപയോഗക്കുറവ്/അമിത ഉപയോഗം ഉണ്ടെങ്കിൽ വിശദമായ റിപ്പോർട്ട് കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർക്ക് നൽകേണ്ടതാണ്.

3. സ്കൂളിലെ നെറ്റ്‌വർക്കിംഗ് (LAN) സംവിധാനം കെൽട്രോണും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ ബി.എസ്.എൻ.എൽ/റെയിൽടെൽ മുഖേനയുമാണ് നൽകിയിരിക്കുന്നത്. അതിനാൽ നെറ്റ്‌വർക്കിന്റെ തകരാറുമൂലമാണോ സർവീസ് പ്രൊവൈഡറുടെ തകരാറു മൂലമാണോ ഇന്റർനെറ്റ് ലഭിക്കാത്തതെന്ന് പരിശോധിച്ച് അതത് ഏജൻസികൾക്ക് പരാതി സമർപ്പിക്കുന്നതിൽ പ്രഥമാധ്യാപകർ, സ്കൂൾ ഐടി കോ-ഓർഡിനേറ്റർ എന്നിവർ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

4. ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങൾക്ക് പ്രത്യേകം ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. ഏതെങ്കിലും വിഭാഗത്തിലെ ഇന്റർനെറ്റ് ശരിയായി പ്രവർത്തിക്കുന്നില്ലെങ്കിൽ അത് കൃത്യമായി പരാതി രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. ഇന്റർനെറ്റ് ഉപയോഗത്തിൽ പൊരുത്തക്കേടുള്ള സ്കൂളുകൾ സന്ദർശിച്ചപ്പോൾ നെറ്റ്‌വർക്കിന്റെ തകരാർ, യു.പി.എസ്./പവർ സപ്ലൈ ഇല്ലാതിരിക്കൽ, ഇന്റർനെറ്റ് ലഭിക്കാതിരിക്കൽ തുടങ്ങി ഏത് കാരണവും ഇന്റർനെറ്റ് ലഭിക്കുന്നില്ല എന്ന് ബി.എസ്.എൻ.എൽ/റെയിൽടെല്ലിന് തെറ്റായി പരാതി നൽകുന്ന അവസ്ഥ കണ്ടെത്തിയിട്ടുണ്ട്. പരാതി കൃത്യമായി രേഖപ്പെടുത്താൻ സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാരും പ്രഥമാധ്യാപകരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6. കൈറ്റിന്റെ ജില്ലാ ഓഫീസിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. സ്കൂളുകൾക്ക് ആവശ്യമെങ്കിൽ അവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

**<u>ബ്രോഡ്ബാന്റ് ഇന്റർനെറ്റ് ഉപയോഗം കുറവുള്ള സ്കൂളുകളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാർ സന്ദർശനം നടത്തുന്നതിനുള്ള നിർദേശങ്ങൾ ചുവടെ ചേർക്കുന്നു:</u>**

1. ജില്ലയിലെ സ്കൂളുകളിലേക്ക് ലഭ്യമാക്കിയിട്ടുള്ള ബ്രോഡ്ബാന്റ് കണക്ഷന്റെ ഓരോ മാസത്തെയും ഉപയോഗം സംബന്ധിച്ച വിശദാംശങ്ങൾ kite.kerala.gov.in/broadband എന്ന വെബ് സൈറ്റിലെ ജില്ലാ ലോഗിനിൽ ലഭ്യമാക്കിയിട്ടുണ്ട്. ഓരോ മാസവും പ്രസ്തുത വിശദാംശങ്ങൾ പരിശോധിക്കേണ്ടതും ആവശ്യമായ നടപടികൾ ജില്ലാ കോ-ഓർഡിനേറ്ററുമായി ആലോചിച്ച് സ്വീകരിക്കേണ്ടതുമാണ്.

2. ജില്ലകളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെയും മാസ്റ്റർ ട്രെയിനർമാരുടേയും യോഗത്തിൽ സ്കൂളുകളിലെ ഇന്റർനെറ്റ് ഉപയോഗം ചർച്ച ചെയ്ത് ടെക്നിക്കൽ അസിസ്റ്റന്റുമാർ സന്ദർശനം നടത്തേണ്ട സ്കൂളുകളുടെ മുൻഗണനാ പട്ടിക തയാറാക്കി സ്കൂളുകളെ അറിയിച്ച് സന്ദർശനം നടത്തി പരാതി പരിഹരിക്കുന്നതിന് ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്.

3. ജില്ലയിലെ ഇന്റർനെറ്റ് ഉപയോഗക്കുറവുള്ള സ്കൂളുകൾ ടെക്നിക്കൽ അസിസ്റ്റന്റുമാർ സന്ദർശിച്ച് ചുമതലയുള്ള മാസ്റ്റർ ട്രെയിനർ, ജില്ലാ കോ-ഓർഡിനേറ്റർ മുഖേന 10 ദിവസത്തിനകം സ്റ്റേറ്റ് ഓഫീസിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്ത പരാതികൾ നിശ്ചിത സമയത്തിനുള്ളിൽ പരിഹരിക്കാതിരിക്കൽ, ഇന്റർനെറ്റ് സേവനദാതാവിന്റെ സേവനം തൃപ്തികരമല്ലാതിരിക്കൽ തുടങ്ങിയ കാര്യങ്ങളും ജില്ലാ കോ-ഓർഡിനേറ്റർക്ക് നൽകുന്ന റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

4. ടെക്നിക്കൽ അസിസ്റ്റന്റുമാർ സ്കൂളുകൾ സന്ദർശനം നടത്തുമ്പോൾ ഇന്റർനെറ്റ് ലഭ്യമാകാത്തത്/ഉപയോഗിക്കാത്തതിന്റെ കൃത്യമായ കാരണം കണ്ടെത്തി അവ പരിഹരിക്കേണ്ടതാണ്.
   ഇന്റർനെറ്റ് സർവീസ് പ്രൊവൈഡറിന്റെ/നെറ്റ്‌വർക്കിംഗിന്റെ/മറ്റു തകരാറുകൾ ആണെങ്കിൽ അവ ഏതെന്ന് കണ്ടെത്തേണ്ടതും പരിഹരിക്കാൻ കഴിയുന്നവയാണെങ്കിൽ പരിഹരിക്കേണ്ടതും മറ്റുള്ളവയ്ക്ക് യഥാസ്ഥലങ്ങളിൽ പരാതി സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും രജിസ്റ്റർ ചെയ്ത പരാതികൾ സമയബന്ധിതമായി പരിഹരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
5. സ്കൂളുകളിൽ നിന്ന് പരാതി സമർപ്പിക്കുന്നതിലും പ്രവർത്തനത്തകരാർ പരിഹരിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അക്കാര്യം സ്കൂളിലെ പ്രഥമാധ്യാപകർ, എസ്.ഐ.ടി.സി., എച്ച്.ഐ.ടി.സി എന്നിവരെ അറിയിക്കേണ്ടതും പരാതി സമർപ്പിക്കൽ, പരിഹാരം കണ്ടെത്തൽ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ പങ്കുവെയ്ക്കേണ്ടതും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരെ അറിയിക്കുന്നതിന് ജില്ലാ കോ-ഓർഡിനേറ്റർക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. [ബ്രോഡ്ബാൻഡിന്റെയും നെറ്റ്‌വർക്കിന്റെയും (ഉദാ: മോഡം, റൂട്ടറുകൾ, നെറ്റ്‌വർക്ക് സ്വിച്ചുകൾ, നെറ്റ്‌വർക്ക് പാച്ച്കോഡുകൾ തുടങ്ങിയവ) ലളിതമായ തകരാറുകൾ എങ്ങനെ പരിഹരിക്കാമെന്ന് എസ്.ഐ.റ്റി.സിമാരെ ബോധ്യപ്പെടുത്താ വുന്നതാണ്].
6. ഐ.സി.ടി ഉപകരണങ്ങളുടെ (ലാപ്ടോപ്പ്, പ്രൊജക്ടർ, എച്ച്.ഡി.എം.ഐ കേബിൾ, ഫേസ്‌പ്ലേറ്റ് തുടങ്ങിയവ) കേടുപാടുകൾ മൂലമാണ് ഇന്റർനെറ്റ് ഉപയോഗം കുറയുന്നതെങ്കിൽ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ അവ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.
7. നെറ്റ്‌വർക്ക് പൂർത്തീകരിച്ച ക്ലാസ്‌മുറികളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതും നെറ്റ്‌വർക്ക് ഡയഗ്രം സ്കൂളുകളിൽ ലഭ്യമാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്.

ടെക്നിക്കൽ അസിസ്റ്റന്റുമാർ ചുമതലയുള്ള മാസ്റ്റർ ട്രെയിനർ മുഖേന സന്ദർശന റിപ്പോർട്ട് ജില്ലാ കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ കോർഡിനേറ്റർ റിപ്പോർട്ട് ക്രോഡീകരിച്ച് ഈ ഓഫീസിൽ സമർപ്പിക്കേണ്ടതും പകർപ്പ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകേണ്ടതുമാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ ഹൈസ്കൂൾ, ഹയർസെക്കന്ററി-വൊക്കേഷണൽ
ഹയർ സെക്കന്ററി പ്രഥമാധ്യാപകർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും
എല്ലാ ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - ആമുഖ കത്ത് സഹിതം (അറിവിലേയ്ക്ക്)
അക്കാദമിക്, ടെക്നിക്കൽ വിഭാഗം
കരുതൽ ശേഖരം